©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 മാർച്ച് 05<br>05th March 2024<br>1199 കുംഭം 21<br>21st Kumbham 1199<br>1945 ഫാൽഗുനം 15<br>15th Phalguna 1945 | നമ്പർ<br>No. 823 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.28/2024/TAXES. *Dated, Thiruvananthapuram, 4th March, 2024*
*20th Kumbham, 1199*

**S. R. O. No. 239/2024**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908 ), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the registration fee payable under the said act for the registration of conveyance of 137.40 cents (55.6 Ares) of land comprised in Re-Survey No.505/3 in Block No.13 in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Perinad Village in Kollam Taluk in Kollam District and 14.82 cents (6 Ares) of land comprised in Re-Survey No.229/13 in Block No.4 in Thrikkaruva Village in Kollam Taluk in Kollam District to be acquired by the Kerala Water Authority as part of Jal Jeevan Mission Project.

By order of the Governor,

DR A JAYATHILAK I A S
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Joint Managing Director of Kerala Water Authority has requested the Government to grant exemption from payment of registration fee required for the registration of conveyance of 137.40 cent (55.6 Ares) of land comprised in Re-Survey No.505/3 in Block No.13 in Perinad Village in Kollam Taluk in Kollam District and 14.82 cent (6 Ares) of land comprised in Re-Survey No.229/13 in Block No.4 in Thrikkaruva Village in Kollam Taluk in Kollam District to be acquired by the Kerala Water Authority as part of Jal Jeevan Mission Project. Government have examined the matter in detail and have decided to allow the request in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 മാർച്ച് 05<br>05th March 2024<br>1199 കുംഭം 21<br>21st Kumbham 1199<br>1945 ഫാൽഗുനം 15<br>15th Phalguna 1945 | നമ്പർ<br>No. | 824 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P)No.29/2024/TAXES. *Dated, Thiruvananthapuram, 4th March, 2024*
*20th Kumbham, 1199*

**S. R. O. No. 240/2024**

In exercise of the powers conferred by clause (a) subsection (1) of section 9 of the Kerala Stamp Act, 1959 (17 of 1959), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the stamp duty chargeable under the said act for the registration of conveyance of 137.40 cent (55.6 Ares) of land comprised in Re-Survey No.505/3 in Block No.13 in

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Perinad Village in Kollam Taluk in Kollam District and 14.82 cent (6 Ares) of land comprised in Re-Survey No.229/13 in Block No.4 in Thrikkaruva Village in Kollam Taluk in Kollam District to be acquired by the Kerala Water Authority as part of Jal Jeevan Mission Project.

By order of the Governor,

DR A JAYATHILAK I A S
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

The Joint Managing Director of Kerala Water Authority has requested the Government to grant exemption from payment of stamp duty required for the registration of conveyance of 137.40 cent (55.6 Ares) of land comprised in Re-Survey No.505/3 in Block No.13 in Perinad Village in Kollam Taluk in Kollam District and 14.82 cent (6 Ares) of land comprised in Re-Survey No.229/13 in Block No.4 in Thrikkaruva Village in Kollam Taluk in Kollam District to be acquired by the Kerala Water Authority as part of Jal Jeevan Mission Project. Government have examined the matter in detail and have decided to allow the request in public Interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

രഹസ്യം

**കേരള സർക്കാർ**

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 28-02-2024**

ഫയൽ നം. ജെ1/223/2023/നി.വ. ഇനം നം: 2095

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതിയ്ക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിനായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഇളവ് ചെയ്യുന്നത് സംബന്ധിച്ച അപേക്ഷ.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

SO(J)
29/2

2095

# കേരള സർക്കാർ

## (ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/223/2023/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം | നികുതി വകുപ്പ് - രജിസ്ട്രേഷൻ - ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതിയ്ക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിനായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഇളവ് ചെയ്യുന്നത് സംബന്ധിച്ച അപേക്ഷ - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 06/02/2024 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(II)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 20/02/2024 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വേണു.വി. |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 23/02/2024 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 27/02/2024 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 27/02/2024 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള പദ്ധതിയ്ക്കായി സ്വകാര്യ വ്യക്തികളുടെ ഭൂമി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്നതിനായി സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ഇളവ് ചെയ്യുന്നത് സംബന്ധിച്ച കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടറുടെ കത്ത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങളിലും ശുദ്ധീകരിച്ച കുടിവെള്ളം ലഭ്യമാക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 01.06.2023 തീയതിയിലെ സ. ഉ. (എം.എസ്) നം. 32/2023/ജവിവ പ്രകാരം രൂപീകൃതമായ കൊല്ലം ജില്ല പർച്ചേസ് കമ്മിറ്റി 05.07.2023 ന് യോഗം ചേരുകയും, പെരിനാട് വില്ലേജിൽ 16 MLD ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിന് വേണ്ടി കണ്ടെത്തിയിരിക്കുന്ന ബ്ലോക്ക് നം. 13, സർവ്വെ നം. 505/3 ൽ ഉൾപ്പെട്ട 137.40 സെന്റ് (55.6 ആർ) ഭൂമിയും, തൃക്കരുവ വില്ലേജിൽ 12 ലക്ഷം ലിറ്റർ ശേഷിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് വേണ്ടി കണ്ടെത്തിയ ബ്ലോക്ക് നം. 4, റി- സർവ്വെ നം. 229/13 ൽ. ഉൾപ്പെട്ട 14.82 സെന്റ് (6 ആർ) ഭൂമിയും കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കാൻ തീരുമാനമാവുകയും ചെയ്തു. പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകണമെന്ന് കേരള വാട്ടർ അതോറിറ്റി ജോയിന്റ് മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

3) പ്രസ്തുത പദ്ധതിയ്ക്കായി ഏറ്റെടുക്കുന്ന വസ്തുവകകൾ പെരിനാട്, തൃക്കരുവ എന്നീ വില്ലേജിൽ ഉൾപ്പെട്ടുവരുന്നവയാണ്. പെരിനാട് വില്ലേജിൽ ഉൾപ്പെട്ടുവരുന്ന വസ്തു, കുണ്ടറ സബ് രജിസ്ട്രാർ ഓഫീസിന്റെ അധികാര പരിധിയിൽ സ്ഥിതിചെയ്യുന്നതും തൃക്കരുവ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന വസ്തു അഞ്ചാലുംമൂട് സബ് രജിസ്ട്രാർ ഓഫീസിന്റെ അധികാര പരിധിയിൽ സ്ഥിതിചെയ്യുന്നതുമാണ്. പെരിനാട് വില്ലേജിൽ ഉൾപ്പെട്ടുവരുന്ന റീസർവ്വെ ബ്ലോക്ക് 13 ൽ റീ സർവ്വെ 505/3 ൽ ഉൾപ്പെട്ടു വരുന്ന വസ്തുവിന് 43,560/- രൂപ സർക്കാർ ന്യായവില

നിശ്ചയിച്ചിട്ടുള്ളതും അപ്രകാരം 55.6 ആർ വസ്തുവിന് 24,21,936/- രൂപ വില കണക്കാക്കാവുന്നതുമാണ്. തുക്കരുവ വില്ലേജിൽ ഉൾപ്പെട്ടുവരുന്ന റീസർവ്വെ ബ്ലോക്ക് 4 ൽ റീ സർവ്വെ 229/13 ൽ ഉൾപ്പെട്ടു വരുന്ന ടി വസ്തുവിന് 39,600/- രൂപ സർക്കാർ ന്യായവില നിശ്ചയിച്ചിട്ടുള്ളതും അപ്രകാരം 6 ആർ വസ്തുവിന് 2,37,600/- രൂപ വില കണക്കാക്കാവുന്നതുമാണ്. പ്രസ്തുത വസ്തുക്കൾക്ക് ന്യായവില പ്രകാരം ആകെ 26,59,536/-രൂപ മൂല്യം വരുന്നതാണ്.

4) എന്നാൽ, പെരിനാട് വില്ലേജിൽ റീ സർവ്വെ ബ്ലോക്ക് 13 ൽ റീ സർവ്വെ 505/3 ൽ ഉൾപ്പെട്ടു വരുന്ന 55.6 ആർ വസ്തുവിന്റെ പ്രതിഫലം നെഗോസിയേഷൻ പ്രകാരം 2,41,53,408/- രൂപയും തുക്കരുവ വില്ലേജിൽ റീസർവ്വെ ബ്ലോക്ക് 4 ൽ റീ സർവ്വെ 229/13 ൽ ഉൾപ്പെട്ടു വരുന്ന 6 ആർ വസ്തുവിന്റെ പ്രതിഫലത്തുക 41,54,405/-രൂപയുമായി നിശ്ചയിച്ചിട്ടുള്ളതാണ്. നെഗോസിയേഷൻ പ്രകാരം നിർണ്ണയിച്ച പ്രതിഫലത്തുക ന്യായവിലയേക്കാൾ ഉയർന്ന നിരക്കിലായതിനാൽ പ്രസ്തുത വസ്തുക്കളുടെ ആകെ പ്രതിഫലത്തുക 2,83,07,813/-രൂപയാണ്. ആയതനുസരിച്ച് പ്രസ്തുത വസ്തു കൈമാറ്റം ചെയ്തുകൊണ്ട് തയ്യാറാക്കുന്ന വിലയാധാരത്തിന് 22,64,632/- രൂപ മുദ്രവിലയും 5,66,160/- രൂപ രജിസ്ട്രേഷൻ ഫീസും ആവശ്യമാണ്. സ്റ്റാമ്പ് ഡ്യൂട്ടിയിലും, രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കുകയാണെങ്കിൽ ആകെ 28,30,800/- (ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ്) രൂപയുടെ റവന്യൂ നഷ്ടം സർക്കാറിന് സഞ്ചിതനിധിയിൽ നിന്നും ഉണ്ടാകുന്നതാണ് എന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

5) 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

6) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

"ജല ജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഭൂമി സ്വകാര്യ വ്യക്തികളിൽനിന്നും വാങ്ങാൻ പ്രത്യേക അനുമതി നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പൊതുജനങ്ങളുടെ ആവശ്യത്തിനുള്ള കുടിവെള്ള പദ്ധതിയ്ക്കായാണ് വാട്ടർ അതോറിറ്റി സ്ഥലം വാങ്ങുന്നത് എന്ന വസ്തുത കണക്കിലെടുത്ത് ഭരണ വകുപ്പ് ഫയലിൽ പരാമർശിക്കുന്ന ഭൂമി വാങ്ങുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് ഉൾപ്പെടെ ആകെ 28,30,800/-രൂപ ഇളവ് ചെയ്ത് നൽകുന്നതിന് അനുമതി നൽകുന്നു.

ഇതിന് ബഹു. ധന മന്ത്രിയുടെ അംഗീകാരം ഉണ്ട്."

7) ഇക്കാര്യം മന്ത്രി സഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കേരള വാട്ടർ അതോറിറ്റി ഏറ്റെടുക്കുന്ന കൊല്ലം ജില്ലയിലെ പെരിനാട് വില്ലേജിൽ ബ്ലോക്ക് നം. 13, റീസർവ്വെ നം. 505/3 ൽ ഉൾപ്പെട്ട 137.40 സെന്റ് (55.6 ആർ) വസ്തുവും തൃക്കരുവ വില്ലേജിൽ ബ്ലോക്ക് നം. 4, റീസർവ്വെ നം. 229/13 ൽ ഉൾപ്പെട്ട 14.82 സെന്റ് (6 ആർ) വസ്തുവും രജിസ്റ്റർ ചെയ്യുന്നതിന് മുദ്രവില, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ആവശ്യമായി വരുന്ന 28,30,800/- (ഇരുപത്തിയെട്ട് ലക്ഷത്തി മുപ്പതിനായിരത്തി എണ്ണൂറ് രൂപാ മാത്രം) രൂപ ഇളവു ചെയ്തു നൽകാമോ?